(ബി) തെരഞ്ഞെടുക്കുന്ന റോഡുകൾ പ്രത്യേകമായി വികസിപ്പിച്ച് അവ മേന്മയേറിയ രീതിയിൽ പരിപാലിക്കുവാനുമാണ് ഉദ്ദേശം.

(സി) നാലു പാക്കേജുകളായിട്ടാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിൽ ആദ്യത്തെ പാക്കേജിന്റെ പ്രവർത്തനം തുടങ്ങാനായി ഒരു ക്ലൈന്റ് സ്പോൺസറെ നിയമിച്ചിട്ടുണ്ട്. മറ്റ് മൂന്ന് പാക്കേജുകൾ നടപ്പിലാക്കാനായി കൺസൾട്ടന്റുമാരുടെ ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുണ്ട്. തുടർനടപടികൾ പുരോഗമിച്ചുവരുന്നു. ഇതിനുവേണ്ടി വരുന്ന സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ഇതിന്റെ ചുമതല വഹിക്കാൻ ഒരു പ്രത്യേക സംവിധാനം രൂപീകരിക്കുവാനും ഉദ്ദേശമുണ്ട്.

ഫയർ സ്റ്റേഷൻ കെട്ടിടനിർമ്മാണം

253(1322) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ഫയർ സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട G.O.Rt. No. 1187/08 തീയതി 4-8-2009, G.O.Rt. No. 1184/09 തീയതി 14.08.2009, G.O.Rt. No. 1047/09 PWD തീയതി 14-7-2009, എന്നീ നമ്പർ സർക്കാർ ഉത്തരവുകൾക്ക് പുതുക്കിയ ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഈ പ്രവർത്തിയുടെ പുരോഗതി എന്തെന്ന് വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് ഏറ്റവും പുതുതായി ഇറങ്ങിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തി മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇറങ്ങിയിട്ടില്ല.

(ബി) പൊതുമരാമത്ത് വകുപ്പിന് അതിർത്തി നിർണ്ണയിച്ച് സ്ഥലം ലഭ്യമാകാത്തതുമൂലം കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി തുടങ്ങുവാൻ സാധിച്ചിട്ടില്ല. എന്നാൽ ഈ പ്രവൃത്തിയുടെ അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾക്കായുള്ള നടപടികൾ പുരോഗമിക്കുന്നു. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഇറങ്ങിയ ഉത്തരവിന്റെ (9-7-2015-ലെ സ.ഉ.(സാധാ.) നമ്പർ 985/2015/പൊ.മ.വ.) പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly